ഇഹ്സാൻ

# ഈ കണ്ണികളെ എവിടംവരെ കുരുക്കും?

**ഭീകരവാദവുമായി** ബന്ധപ്പെട്ട എല്ലാ കേസുകളും തുടക്കം മുതൽ അന്വേഷിക്കുക എന്നതാണ് ഇനി പോലീസ് കാണിക്കേണ്ട മാന്യത. നേരത്തെ 'അന്വേഷണം' പൂർത്തിയാക്കി കോടതിയിലെത്തിച്ച കേസുകളിൽ പലതും കുഴിമാടങ്ങളിൽനിന്ന് പല്ലിളിക്കുന്ന അവസ്ഥ ഒടുവിലെങ്കിലും ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. സംഝോത എക്സ്പ്രസ് സ്ഫോടനം, ഗൊരഖ്പൂർ സ്ഫോടനം, ദൽഹി സ്ഫോടനം, മുംബൈ ട്രെയിൻ സ്ഫോടനങ്ങൾ, ഹൈദരാബാദ് സ്ഫോടനം എന്നീ കേസുകളെക്കുറിച്ച അന്വേഷണങ്ങൾ മാലേഗാവിലെ പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ സംശയത്തിന്റെ നിഴലിലേക്ക് മാറ്റിനിർത്തപ്പെട്ടു കഴിഞ്ഞു. നാടു നടുക്കിയ സ്ഫോടനങ്ങളിൽ ഒന്നിൽ പോലും യഥാർഥ പ്രതികളെയായിരുന്നില്ല പോലീസ് പിടികൂടിയതെന്നർഥം. കണ്ണികൾ ഒന്നിൽനിന്നു മറ്റൊന്നിലേക്ക് പടർന്നുകയറുമ്പോൾ കുരുങ്ങുന്നതത്രയും ദേശീയതാവാദികളുടെ കൺകണ്ട പ്രതീകങ്ങൾ. ആർ.എസ്.എസ്, വി.എച്ച്.പി, ബജ്റംഗ്ദൾ, ബി.ജെ.പി, എ.ബി.വി.പി, ദുർഗാവാഹിനി, സൈനികർ, ഇന്റലിജൻസ് ഉദ്യോഗസ്ഥർ... പോയിപ്പോയി മഠാധിപതികളും നാടുഭരിച്ച മുൻ ഭരണാധികാരികളുമൊക്കെ ഈ വലയിലെ കണ്ണികളാവുകയാണ്. പക്ഷേ എത്രത്തോളം?

സ്വാധി പ്രജ്ഞാ സിംഗും ഗുരു ദയാനന്ദ് പാണ്ടെ എന്ന അമൃതാനന്ദും ഗൊരഖ്പൂർ എം.പിയും മഠാധിപതിയുമായ യോഗി ആദിത്യനാഥും ആന്ദമാൻ നിക്കോബാറിലേക്കു മുങ്ങിയ ഗുജറാത്തുകാരൻ സ്വാമി അശിമാനന്ദുമൊക്കെ ഒറ്റപ്പെട്ട കേസുകളിലെങ്കിലും കക്ഷിചേർക്കപ്പെടുന്നു എന്നത് ഒന്നോർത്താൽ ഇന്ത്യാ മഹാരാജ്യത്ത് നടക്കുന്ന മഹാത്ഭുതം തന്നെയാണ്. മൃദു ഹിന്ദുത്വത്തിന്റെയും തീവ്രഹിന്ദുത്വത്തിന്റെയും ബിന്ദുക്കൾക്കിടയിൽ ആടിക്കളിച്ച കോൺഗ്രസിൽനിന്ന് ആരും തന്നെ ഇത്തരമൊരു പടപ്പുറപ്പാട് പ്രതീക്ഷിച്ചിട്ടുണ്ടാവില്ല; മഹാരാഷ്ട്ര സർക്കാറിൽനിന്ന് വിശേഷിച്ചും.

ഹിന്ദുത്വത്തിന്റെ കാര്യത്തിൽ കോൺഗ്രസിന്റെ ബി ടീമിനേക്കാൾ ജനങ്ങൾക്കു വേണ്ടത് ബി.ജെ.പിയുടെ എ ടീമിനെയാണെന്നും ഉള്ള ന്യൂനപക്ഷ, പിന്നാക്ക വോട്ടുകൾ കൂടി ഇത്തവണ ഇല്ലാതാവുമെന്നും തിരിച്ചറിയാൻ സോണിയാഗാന്ധിക്കു സമയം വൈകിയെന്നു മാത്രം. ഇന്ത്യയിലെ പോലീസുകാരിൽ വർഗീയപക്ഷപാതിത്വത്തിന് പേരുകേട്ട മഹാരാഷ്ട്ര പോലീസും മുംബൈ എ.ടി.എസുമാണ് ഇപ്പോൾ കൈയടി നേടുന്നതെന്ന് ശ്രദ്ധിക്കുക. നമുക്ക് അരണയുടെ ഓർമശക്തി സമ്മാനിക്കുന്ന മാധ്യമങ്ങൾക്ക് സ്തുതി! മാലേഗാവിൽ ഇതേ എ.ടി.എസാണ് ഇന്നലെ വരെ ഇന്ത്യൻ മുജാഹിദീനെയും സിമിയെയും അന്വേഷിച്ചു നടന്നത്. എന്നല്ല ചിലരെയൊക്കെ അവർ പിടികൂടി ജയിലുകളിൽ എത്തിച്ചിട്ടുമുണ്ട്. ഇപ്പോൾ അവർ പറയുന്നു സ്വാമിനിയും കൂട്ടരുമാണ് യഥാർഥ പ്രതികളെന്ന്. ഒരു കാര്യത്തിലേ ആശയക്കുഴപ്പമുള്ളൂ. ഇവരിൽ ആർക്കെതിരെയാണ് എ.ടി.എസ് അന്തിമമായി കേസു നടത്താൻ പോകുന്നത്?

അശിമാനന്ദിന്റെ ഉറ്റമിത്രം നരേന്ദ്രമോഡിയാണെന്നതും പ്രജ്ഞയുടെ ഗോഡ്ഫാദർമാരുടെ പട്ടികയിൽ ബി.ജെ.പി അധ്യക്ഷൻ രാജ്നാഥ്സിംഗിന്റെ പേരുണ്ടെന്നതും ഒരു പുതിയ വിവരം പോലെയാണ് മാധ്യമങ്ങൾ അവതരിപ്പിക്കുന്നത്. ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട് എന്നതിലപ്പുറം ഇതിൽ അസാധാരണമായ എന്തു വാർത്തയാണുള്ളത്? ഈ മോഡിയും രാജ്നാഥുമൊക്കെ നിലവാരമുള്ള നേതാക്കളാണെന്ന് വിശ്വസിക്കുന്നവർക്കല്ലേ ഈ ആരോപണങ്ങളിൽ അത്ഭുതമുണ്ടാവേണ്ട കാര്യമുള്ളൂ. മുസ്‌ലിംകളെ പ്രീണിപ്പിക്കാനായി ഹിന്ദു നേതാക്കളെ കോൺഗ്രസ് വേട്ടയാടുകയാണെന്ന ആരോപണവുമായി ബി.ജെ.പി രംഗത്തിറങ്ങിയതോടെ ആ പാർട്ടിയുടെ തനിനിറം വ്യക്തമായിക്കഴിഞ്ഞു. ഭീകരതയുടെ കാര്യത്തിൽ വ്യക്തമായ ഇരട്ടത്താപ്പാണ് ബി.ജെ.പി കാണിക്കുന്നത്. വ്യവസ്ഥകളും നീതിവാഴ്ചയുമാണ് തങ്ങൾക്ക് പ്രധാനമെന്ന് പൊതുജനത്തെ ധരിപ്പിക്കാനുള്ള തിടുക്കമാണ് കോൺഗ്രസിന്റെ നീക്കങ്ങളിൽ മുഴച്ചുകാണുന്നതെങ്കിൽ ഹിന്ദുത്വവും അതിനോടുള്ള പ്രതിബദ്ധതയുമാണ് ബി.ജെ.പിയുടെ നിലപാടുകളിൽ തെളിഞ്ഞു കാണുന്നത്. ബി.ജെ.പി നിറംമാറുന്നതിനനുസരിച്ച് കോൺഗ്രസിന്റെ മുട്ടു വിറക്കുന്നതും കാണാനുണ്ട്. പ്രജ്ഞാ സിംഗിനെയും യോഗി ആദിത്യനാഥിനെയും പ്രതിചേർക്കുന്ന കേസുകൾ കോടതിയിലെത്തിയാലും അവയുടെ ഭാവി എന്താവുമെന്ന് പ്രവചിക്കാനാവാത്ത സാഹചര്യമാണ് രൂപംകൊള്ളുന്നത്. ബി.ജെ.പിയാണ് നാളെ ഭരണത്തിലെത്തുന്നതെങ്കിൽ ഈ കേസുകൾ ഒരിക്കലും തെളിയാൻ പോകുന്നില്ലെന്നതിന്റെ മുൻകൂർ ഗ്യാരണ്ടിയാണ് ഒരുപക്ഷേ രാജ്നാഥ് സിംഗിന്റെ പ്രസ്താവന. കേസന്വേഷണത്തെ അതിന്റെ പാട്ടിനു വിടണമെന്ന് പറയാനുള്ള സാമാന്യമായ രാഷ്ട്രീയ മര്യാദ പോലും ബി.ജെ.പിക്ക് കാണിക്കാൻ കഴിയുന്നില്ല. യു.പി.എ ഒരിക്കൽ കൂടി അധികാരത്തിലെത്തുന്നില്ലെങ്കിൽ ഭാവിയിൽ ഈ കേസുകൾ അട്ടിമറിക്കപ്പെടുമെന്നതിൽ ഒരു സംശയവും വേണ്ട.

തുടക്കത്തിൽ ഏതാനും ദിവസം മടിച്ചു നിന്നെങ്കിലും വിഷയത്തെ ഹിന്ദുവികാരവുമായി നേർക്കു നേരെ ഘടിപ്പിക്കാനാണ് ബി.ജെ.പി ഒടുവിൽ ശ്രമിക്കുന്നത്. വെച്ച കൈ പൊള്ളിയെന്ന തോന്നലാണ് കോൺഗ്രസിന് ഉണ്ടാവുന്നതെങ്കിൽ ഇനിയുള്ള അഞ്ചു വർഷം ഇന്ത്യയെ കാത്തിരിക്കുന്നത് ദുരന്തങ്ങളുടെ പ്രളയകാലമായിരിക്കും എന്നതിൽ സംശയമേ വേണ്ട. സന്യാസിനിയെയും കൂട്ടരെയും പേരിന് കേസിൽ കുടുക്കുകയും എന്നാൽ ശരിയായ രീതിയിൽ അന്വേഷണം നടത്താതെ പാതിവഴിയിൽ ഈ കേസ് ഉപേക്ഷിക്കുകയും ചെയ്യുന്നത് പ്രവചനാതീതമായ ദുരന്തമുണ്ടാക്കും. കോടതികളിലെത്തുന്ന ഹിന്ദു ഭീകരതയും മുസ്‌ലിം ഭീകരതയും ഒരേമട്ടിൽ തെളിയിക്കാനാവാതെ പോകുന്നു എന്ന സാമാന്യവത്കരണത്തിലേക്കല്ലേ അത് രാജ്യത്തെ കൊണ്ടെത്തിക്കുക? അദ്വാനി പ്രധാനമന്ത്രിയാവുന്ന കാലത്ത് നടക്കാനിടയുള്ള ഏകപക്ഷീയമായ 'ഭീകര'വേട്ടകളെ ന്യായീകരിക്കാൻ പൊതുസമൂഹത്തിന് കാരണമായിത്തീരാൻ പോകുന്നത് ഈ സാമാന്യവക്തരണമാവും. എ.ടി.എസിനെ കുറിച്ച് പൊതുവെ നല്ല മതിപ്പുണ്ടാക്കുന്ന രീതിയിലാണ് അവരുടെ ഇപ്പോഴത്തെ നീക്കങ്ങൾ മുന്നോട്ടു പോകുന്നതെന്നും ശ്രദ്ധിക്കുക.

ഈ കേസുകൾക്ക് ഗുണപരമായ ഒരു പര്യവസാനമുണ്ടാകുമെന്ന് ഇപ്പോഴത്തെ നീക്കങ്ങൾ തെളിയിക്കുന്നില്ല. ലഫ്റ്റനന്റ് കേണൽ പുരോഹിത് പ്രസാദും അഭിനവ് ഭാരത് എന്ന സംഘടനയുമാണ് വാർത്തകളിൽ കൂടുതൽ നിറയുന്നത്. സന്യാസിമാരും അവരുടെ സംഘ്പരിവാർ ബന്ധങ്ങളുമല്ല. ബി.ജെ.പി ചിത്രത്തിൽ ഒരിടത്തുമില്ല. തമ്മനം ഷാജി പിടിയിലാവുമ്പോൾ പോലും മുസ്‌ലിം സമുദായത്തിനു നേർക്ക് സംശയത്തിന്റെ മുൾമുനകൾ നീണ്ടുവരുന്ന കാലത്താണ് ബി.ജെ.പിക്ക് മാധ്യമങ്ങളുടെ വക ഈ ഔദാര്യം. സൈന്യത്തിലെ ഏതോ തലതെറിച്ച ഒരു ഓഫീസറെ തങ്ങളുടെ രാഷ്ട്രീയ ലാഭങ്ങൾക്കു വേണ്ടി ഉപയോഗിച്ചവർ ഇപ്പോഴും മറക്കു പിന്നിലാണ്.

സംഝോതയും ഹൈദരാബാദും ആസാമും മാലേഗാവും ദൽഹിയും മുംബൈയും കാൺപൂരുമൊക്കെ സ്വാമിമാരും സൈനികരുമാണ് നടത്തിയതെന്നു വരുന്നതോടെ ലശ്കറെ ത്വയ്ബയും സിമിയും ഇന്ത്യൻ മുജാഹിദീനുമൊക്കെ ഉയർത്തുന്ന അസുഖകരമായ ചോദ്യങ്ങൾക്കു കൂടി ഇതേ പോലീസുകാർ മറുപടി പറയേണ്ടതല്ലേ? ■